കില
വാർത്താപത്രിക

VOLUME-11
ISSUE-11
NOVEMBER 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

കിലയും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പ്രളയാനന്തര പ്രവർത്തനങ്ങളും നവകേരളവും ശില്പശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

പ്രളയകാലത്തുണ്ടായ ഐക്യം പുനർനിർമ്മാണത്തിലും ഉണ്ടാകണം: മുഖ്യമന്ത്രി

പ്രളയകാലത്തുണ്ടായ ഐക്യം പുനർനിർമ്മാണത്തിലും ഉണ്ടാകണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. പ്രളയാനന്തര പ്രവർത്തനങ്ങളും നവകേരള സൃഷ്ടിയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി കിലയും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും സംയുക്തമായി തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു ആദ്ദേഹം. പ്രളയാനന്തര കേരള പുനർനിർമ്മിതിക്കു കേന്ദ്ര മാനദണ്ഡം പരിഗണിച്ചാൽ കേരളം 26,000 കോടി രൂപ കണ്ടെത്തേണ്ടതുണ്ടെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഈ തുക കണ്ടെത്തുന്നതിനു സംസ്ഥാന സർക്കാർ ശ്രമിക്കുമ്പോൾ കേന്ദ്രസർക്കാർ എതിരു നിൽക്കുന്നതു എന്തിനെന്നു ഇനിയും വ്യക്തമല്ല. യു.എ.ഇ ഭരണാധികാരി നൽകുമെന്നു പറഞ്ഞ 700 കോടി രൂപയുടെ സഹായം സ്വീകരിക്കുന്നതു വിലക്കിയതിനാൽ യഥാർത്ഥത്തിൽ അതേക്കാൾ എത്രയോ വലിയ തുകയാണ് കേരളത്തിനു നഷ്ടപ്പെട്ടതെന്നു അദ്ദേഹം പറഞ്ഞു.

കേര ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെ.തുളസി അദ്ധ്യക്ഷയായി. തദ്ദേശസ്ഥാപനങ്ങളെ മന്ത്രി എ.സി. മൊയ്തീൻ ആദരിച്ചു. റവന്യു മന്ത്രി ഇ. ചന്ദ്രശേഖരൻ, ജില്ലാപഞ്ചായത്ത് ചേംബർ പ്രസിഡന്റ് വി. കെ.മധു, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, നവകേരള മിഷൻ കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, പഞ്ചായത്ത് ഡയറക്ടർ എച്ച്.ദിനേശ്, മുനിസിപ്പൽ ചെയർമാൻ ചേംബേഴ്സ് ചെയർമാൻ വി.രമേശൻ എന്നിവർ സംസാരിച്ചു.

പ്രളയാനന്തര ആസൂത്രണവും നവകേരളവും വിഷയത്തിൽ സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ. എൻ. ഹരിലാൽ സംസാരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ.പി. വിശ്വംഭരപ്പണിക്കർ സ്വാഗതം പറഞ്ഞു. ആരോഗ്യവും നവകേരള പ്രവർത്തനങ്ങളും എന്ന സെഷനിൽ മന്ത്രി കെ.കെ.ശൈലജ അദ്ധ്യക്ഷയായിരുന്നു. ഡോ.ബി.ഇക്ബാൽ വിഷയം അവതരിപ്പിച്ചു.ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.അജയകുമാർവർമ്മ സംസാരിച്ചു. നവകേരള സൃഷ്ടിയും കൃഷിയും എന്ന സെഷനിൽ എസ്.എസ്. നാഗേഷ്(സംസ്ഥാന ആസൂത്രണബോർഡ്) ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി. എൻ.സീമ എന്നിവർ സംസാരിച്ചു. നവകേരള സൃഷ്ടിയും തദ്ദേശസ്ഥാപനങ്ങളും എന്ന സെഷനിൽ മന്ത്രി ഡോ. തോമസ് ഐസക് പ്രബന്ധം അവതരിപ്പിച്ചു. തോമസ് വക്കത്താനം,ബ്ലോക്ക പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.സുഭാഷ്, എം.പി.അജിത് കുമാർ, എസ്. നാസറുദ്ദീൻ, എം.ടി.അബ്ദുൾ ജബ്ബാർ, എച്ച്. നിയാസ്, കെ. നാരായണൻ എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളിൽ ഗ്രൂപ്പ് ചർച്ചയും അവതരണവും നടന്നു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള ഉപകരണങ്ങൾ

കേൾവിശക്തി കുറഞ്ഞവർക്കു കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ ശേഷമുള്ള ഉപകരണങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളികൾ, ഇവരുടെ മക്കൾ എന്നിവർക്കു വാങ്ങി നൽകാം. ഇത്തരം ഉപകരണങ്ങൾക്കു റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വഹിക്കാവുന്നതാണ്. ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മെഷ്യനുമായി ബന്ധപ്പെട്ടു വാങ്ങണം, (സർക്കുലർ നമ്പർ ഡി.എ1/718/18 തസ്വഭവ.15.10.18)

മുട്ടക്കോഴി വളർത്തൽ: സബ്സിഡി പരിഷ്ക്കരിച്ചു

മുട്ടക്കോഴി വളർത്തുന്നതിനു കൂടിനു 50% സബ്സിഡി നൽകാമെന്നു ഉത്തരവ് നേരത്തെ ഉണ്ടായിരുന്നു. എന്നാൽ കോഴി വളർത്തുന്നതിനു സുരക്ഷിതമായ കൂട് കൈവശമുണ്ടെങ്കിൽ ഗുണഭോക്താവിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കൂടിന്റെ സബ്സിഡി കുറവുചെയ്ത് മുട്ടക്കോഴി മാത്രം നൽകാവുന്നതാണ്. കൂടു നൽകുമ്പോൾ അതിന്റെ സബ്സിഡി 25% മായി പരിമിതപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. (സ.ഉ.(സാധാ) 2638/18. തസ്വഭവ.15.10.18)

പഠനമുറിയുടെ വിസ്തൃതി വർദ്ധിപ്പിച്ചു

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു പഠനമുറി നിർമ്മിച്ചുനൽകാൻ രണ്ടുലക്ഷം രൂപ ചെലവഴിക്കാം. ഇതിന 100 ചതുരശ്ര അടിയിലുള്ള മുറിയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പട്ടികജതി വികസന വകുപ്പു മുഖേന നൽകുമ്പോൾ 120 ചതുരശ്ര അടിയായി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുമ്പോഴും 120 ചതുരശ്ര അടിയായി ഏകീകരിച്ചുകൊണ്ട് ഉത്തരവായി. (സ.ഉ.(സാധാ)2636/18 തസ്വഭവ.16.10.18)

കറവപ്പശുക്കളെ വാങ്ങാൻ പലിശ സബ്സിഡി

കറവപ്പശുക്കളെ വാങ്ങുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സബ്സിഡി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം കണ്ടെത്തുന്നതിനു ബാങ്കിൽനിന്ന് വായ്പ എടുക്കാവുന്നതാണ്. എന്നാൽ അപ്രകാരം എടുക്കുന്ന വായ്പയുടെ പലിശ തദ്ദേശസ്വയംഭരണസ്ഥാപനം നൽകാവുന്നതല്ല. സബ്സിഡി രഹിതമായി പശുക്കളെ വാങ്ങുന്ന ഗുണഭോക്താക്കൾക്കു ബാങ്ക് ലോണിന്റെ പലിശ നൽകാവുന്നതാണ്. (സർക്കുലർ നമ്പർ ഡി.എ./718/2018 തസ്വഭവ.15.0.2018)

പുരസ്കാരങ്ങൾക്കു മാനദണ്ഡനിർണ്ണയസമിതി

പദ്ധതി ആസൂത്രണനിർവഹണത്തിന്റെയും ഭരണമികവിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നൽകുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. അഡീഷ്ണൽ ചീഫ്സെക്രട്ടറി (തദ്ദേശഭരണം) ചെയർമാനും താഴെ പറയുന്നവർ അംഗങ്ങളുമായിരിക്കും. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷ്ണർ, കില ഡയറക്ടർ, ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ്, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ. പഞ്ചായത്ത് ഡയറക്ടർ കൺവീനറായിരിക്കും.

വാർഷിക പദ്ധതി(2019-2020) തയ്യാറാക്കുന്നതിനുള്ള സമയക്രമം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതി(2019-2020) തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവായി. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പുതിയതായി = ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം = എന്നീ മേഖലയ്ക്കു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് കൂടി നിർബന്ധമായും രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം. വാർഷികപദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

- ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്ക്കരിക്കൽ-2018 ഒക്ടോബർ 25 നു മുമ്പ്
- ജില്ലാപദ്ധതി അടിസ്ഥാനത്തിൽ ഡി.പി.സി മാർഗ്ഗനിർദ്ദേശം നൽകേണ്ടത്-2018 ഒക്ടോബർ 25 നു മുമ്പ്
- കരട് പ്രോജക്ട് തയ്യാറാക്കൽ-2018 ഒക്ടോബർ 31 നു മുമ്പ്
- ഗ്രാമസഭ/വാർഡ്സഭ യോഗങ്ങൾ-2018 നവംബർ 20 നു മുമ്പ്
- സംയുക്ത പ്രോജക്ട് അന്തിമരൂപം നൽകാൻ ജില്ല ആസൂത്രണസമിതി ആലോചനായോഗം-2018 നവംബർ 25 നു മുമ്പ്.
- വികസനസെമിനാർ-2018 ഡിസംബർ 1 നു മുമ്പ്
- വാർഷികപദ്ധതി അന്തിമരൂപം-2018 ഡിസംബർ 5 നു മുമ്പ്
- പ്രോജക്ട് തയ്യാറാക്കൽ- 2018 ഡിസംബർ 15 നു മുമ്പ്
- പദ്ധതി സമർപ്പണം-2018 ഡിസംബർ 17 നു മുമ്പ്
- ജില്ല ആസൂത്രണസമിതി അംഗീകാരം-2018 ഡിസംബർ 31 നു മുമ്പ്
- ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കൽ, ഗ്രാമസഭയുടെ അംഗീകാരത്തോടെ നിർവഹണ ഉദ്യോഗസ്ഥനു നൽകൽ-2019 ജനുവരി 20 നു മുമ്പ്
- പദ്ധതി ബജറ്റ് സംയോജനം-2019 മാർച്ച് 15 നു മുമ്പ്.

ഇതുസംബന്ധിച്ച വിശദമായ ഉത്തരവ് സ.ഉ.(സാധാ)2710/18 തസ്വഭവ. തീയതി.23.10.18 നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

കാലാവസ്ഥാവ്യതിയാനവും ഊർജ്ജമേഖലയും സംബന്ധിച്ച കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതലശില്പശാല

ഊർജ്ജസംരക്ഷണത്തിനു ഓരോ വീടും ഓരോ പവർ ഹൗസ് ആകണം

കാലാവസ്ഥാവ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ ലോകമെമ്പാടും അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിലേക്കു മാറുന്നതിന്റെ ആവശ്യകതയും മാതൃകകളും സാധ്യതകളും പരിചയപ്പെടുത്തുന്ന സംസ്ഥാനതല ശില്പശാലയ്ക്കു കില വേദിയൊരുക്കി. അനർട്ടി (ഏജൻസി ഫോർ നോൺ കൺവെൻഷനൽ എനർജി ആന്റ് ടെക്നോളജി)ന്റെയും ഇ.എം.സിയുടേയും (എനർജി മാനേജ്മെന്റ് സെന്റർ) സഹകരണത്തോടെ ശില്പശാല സംഘടിപ്പിച്ചത്. വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുമുൾപ്പെടെ 525 പേർ ശില്പശാലയിൽ പങ്കെടുത്തു. ഓരോ വീടും ഓരോ പവർ ഹൗസ് അക്കുകയാണ് ഊർജ്ജസംരക്ഷണത്തിനു വേണ്ടതെന്നു ശില്പശാലയിൽ സംസാരിച്ച അനർട്ട് ഡയറക്ടർ ഡോ. ആർ ഹരികുമാർ അഭിപ്രായപ്പെട്ടു. ആ ദിശയിലേക്കു സാങ്കേതികവിദ്യ വളർന്നിട്ടുണ്ട്. പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജസ്രോതസ്സുകളുടെ പ്രസക്തിയെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. ഓരോ ഗ്രാമപഞ്ചായത്തിലും 50 വീടുകളിലെങ്കിലും സോളാർ സ്ഥാപിക്കാൻ ശ്രമമുണ്ടാകണം. വാണിജ്യസ്ഥാപനങ്ങൾക്കെല്ലാം സോളാർ ലാഭകരമായിരിക്കും. 140 നിയോജകമണ്ഡലങ്ങളിലും ഊർജ്ജ റിപ്പയർ സർവീസ് സെന്ററുകൾ അനർട്ട് സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് സ്ഥാപിക്കുന്ന എല്ലാറ്റിനു ഇൻഷുറൻസ് പരിരക്ഷയുണ്ടായിരിക്കും. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് അക്ഷയ ഊർജ്ജ സംവിധാമുള്ളത്. സംശയനിവാരണത്തിനു രാവിലെ 8 മുതൽ രാത്രി 8 വരെ പ്രവർത്തിക്കുന്ന ടോൾഫ്രി സംവിധാനവും നിലവിലുണ്ട്. വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും കാലാവസ്ഥാവ്യതിയാനം കാരണമാണെന്നു കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പറഞ്ഞു. കാർബൺ കുറഞ്ഞ പദ്ധതികൾക്കാണ് തദ്ദേശഭരണസ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടത്.

കാലാവസ്ഥാവ്യതിയാനവും ഊർജ്ജമേഖലയും സംബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതലശില്പശാലയിൽ 525 പേർ പങ്കെടുത്തു. കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന ആഘാതങ്ങളെ നേരിടാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സജ്ജമാക്കുകയാണ് ശില്പശാലയുടെ ലക്ഷ്യം. ഈ വിഷയത്തെ അടിസ്ഥാനമാക്കി കില നടത്തിവരുന്ന ശില്പശാലാപരമ്പരിയിലെ നാലാമത്തേതാണിത്.

കാലാവസ്ഥാവ്യതിയാനവും ഊർജ്ജമേഖലയും തദ്ദേശഭരണസ്ഥാപനങ്ങളിൽ, പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ സ്രോതസ്സുകൾ, ഉർജ്ജസംരക്ഷണവും കാലാവസ്ഥാവ്യതിയാനവും തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുത്തു. എനർജി മാനേജ്മെൻറ് സെന്റർ ഡയറക്ടർ ദരേശൻ ഉണ്ണിത്താൻ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ എന്നിവർ സംസാരിച്ചു. കില അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി.രാജൻ ശില്പശാലയെക്കുറിച്ച് വിശദീകരിച്ചു.അനർട്ട് പ്രോഗ്രാം ഓഫീസർ ജയചന്ദ്രൻ നായർ, ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റ് ജോൺസൺ ഡാനിയേൽ ബി.വി. സുഭാഷ് ബാബു എന്നിവർ സംസാരിച്ചു.

കാർബൺ ന്യൂട്രൽ പഞ്ചായത്തിന്റെ അനുഭവങ്ങൾ പങ്കുവച്ചു മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി. സുരേഷ് സംസാരിച്ചു. പല രൂപത്തിലും ഭാവത്തിലും സമസ്തമേഖലകളേയും ബാധിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന ആഘാതങ്ങളെ നേരിടാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സജ്ജമാക്കുകയാണ് ശില്പശാലയുടെ ലക്ഷ്യം. കാലാവസ്ഥാവ്യതിയാനവും തദ്ദേശഭരണസ്ഥാപനങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി കില നടത്തിവരുന്ന ശില്പശാലാപരമ്പരിയിലെ നാലാമത്തേതാണിത്.

പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത് ബാലസൗഹൃദമാകുന്നു

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ബാലസൗഹൃദമാകാൻ ഒരുങ്ങുന്നു. തയ്യാറെടുപ്പിന്റെ ഭാഗമായി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ബിജു വർഗീസ്, വൈസ് പ്രസിഡന്റ് സുമ ഹരി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി.വി.കുര്യാക്കോസ്, മുൻ പ്രസിഡന്റ് ലൈജു എടക്കളത്തൂർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എ.ഗണേശ് എന്നിവർ സംസാരിച്ചു. സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്തുകളാക്കുന്നതിന്റെ ഭാഗമായിട്ടുള്ള പരിശീലത്തിന്റെ തുടക്കമാണിത്.

പ്രാദേശിക സർക്കാരുകളും സഹകരണപ്രസ്ഥാനങ്ങളും

നാടിന്റെ വികസനവും പുരോഗതിയും പ്രാദേശികസർക്കാരിലൂടെ നിർവഹിക്കുന്നതിനു രൂപം കൊടുത്ത കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പൽ നിയമത്തിലും സഹകരണപ്രസ്ഥാനങ്ങൾക്കു ഒരു പങ്കു മാറ്റി വച്ചിട്ടുണ്ട്. ഇന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ സാധാരണ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയ്ക്കു സഹകരണപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. അതുകൊണ്ടുതന്നെ പഞ്ചായത്ത് നഗരപാലിക നിയമങ്ങൾ രൂപപ്പെടുത്തിയപ്പോൾ അവയുടെ ചുമതലകളിൽ സഹകരണപ്രസ്ഥാനങ്ങൾക്കും ഇടം നൽകിയത്. രണ്ടു നിയമങ്ങളുടേയും ചുമതലാപട്ടികയിൽ മേഖലാചുമതലകളിൽ 19-ാമതു ഇനമായി സഹകരണ സംഘങ്ങൾ രൂപീകരിക്കലും അതിനു സഹായിക്കലും പ്രാദേശികസർക്കാരിന്റെ ചുമതലയിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ 9 മുതൽ 12 വരെയുള്ള പഞ്ചവത്സരപദ്ധതി കാലയളവിൽ ഇക്കാര്യത്തിൽ കാര്യമായ കാൽവെപ്പുകളൊന്നും നടത്തിയിരുന്നില്ല. സ്വയം സഹായങ്ങളുടെ പ്രോത്സാഹനത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു.

പതിമൂന്നാംപദ്ധതി മുതൽ സഹകരണമേഖലകളെ വളരെ ഗൗരവത്തോടെ കാണുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിയമത്തിൽ ഉൾപ്പെടുത്തിയ ചുമതലകൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ ഉൾച്ചേർത്തിട്ടുണ്ട്. ആ മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പ്രാദേശികഭരണകൂടങ്ങൾ നിർവഹിക്കാൻ തയ്യാറായാൽ സഹകരണമേഖലയെ ഒന്നുകൂടി പുഷ്ടിപ്പെടുത്താൻ കഴിയും. പ്രാദേശികഭരണപ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾക്കു പ്രോത്സാഹനം നൽകുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയണം. അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്ന കാര്യത്തിൽ, ആധുനികവൽക്കരണം നടത്തുന്നതിൽ ഒക്കെ സഹായിക്കാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനു പൂരകമായ ഒരു വായ്പാനയം തദ്ദേശസ്ഥാപനതലത്തിൽ ആവിഷ്കരിക്കാവുന്നതാണ്. പരമ്പരാഗത വ്യവസായ സഹകരണസംഘങ്ങളുടെ വൈവിധ്യവൽക്കരണവും ശാക്തീകരണവും നടത്താം. സഹകരണസംഘങ്ങൾ ഇല്ലാത്ത മേഖലകളിൽ ആരംഭിക്കാൻ സൗകര്യം ചെയ്യണം. സഹകരണമേഖലകളുടെ വിഭവശേഷിയും അധിക വിഭവങ്ങളും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്താൻ കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തിക്കാവുന്നതുമാണ്.

പരിസ്ഥിതിസംരക്ഷണത്തിനും സുരക്ഷയ്ക്കുമായി മരങ്ങൾ വച്ചുപിടിപ്പിക്കാൻ സഹകരണ വായ്പയും പലിശ സബ്സിഡിയും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൽകാൻ കഴിയണം. കാർഷിക മുന്നേറ്റത്തിനായി കാർഷിക സംഘങ്ങൾ രൂപീകരിക്കാനും കാർഷിക യന്ത്രങ്ങൾ നൽകി ആധുനിക കൃഷിരീതി അവലംബിക്കാനും കഴിയും. വിപണന സൗകര്യം, കാർഷിക വ്യാവസായിക കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കാനും അവയ്ക്കു സഹായം നൽകാനും കഴിയണം. ക്ഷീരവ്യവസായമേഖലകളിൽ പാൽ, ഗോമൂത്രം എന്നിവ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാൻ തദ്ദേശഭരണസ്ഥാപനങ്ങളും സഹകരണമേഖലയും കൈകോർത്താൽ കഴിയും. അതുപോലെ മത്സ്യമേഖലയിലും ഇടപെടൽ നടത്താൻ ജില്ലാപഞ്ചായത്തിനു കഴിയണം.

സഹകരണസംഘങ്ങളെ തദ്ദേശസ്ഥാപനങ്ങൾ സഹായിക്കുമ്പോൾ അതിന്റെ പല മടങ്ങ് പ്രയോജനം പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനു തിരികെ

പതിമൂന്നാംപദ്ധതി മുതൽ സഹകരണമേഖലകളെ വളരെ ഗൗരവത്തോടെ കാണുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിയമത്തിൽ ഉൾപ്പെടുത്തിയ ചുമതലകൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ ഉൾച്ചേർത്തിട്ടുണ്ട്. ആ മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പ്രാദേശികഭരണകൂടങ്ങൾ നിർവഹിക്കാൻ തയ്യാറായാൽ സഹകരണമേഖലയെ ഒന്നുകൂടി പുഷ്ടിപ്പെടുത്താൻ കഴിയും. പ്രാദേശിക സാമ്പത്തിക വികസനത്തിനു പൂരകമായ ഒരു വായ്പാനയം തദ്ദേശസ്ഥാപനതലത്തിൽ ആവിഷ്കരിക്കാവുന്നതാണ്. സഹകരണസംഘങ്ങളെ തദ്ദേശസ്ഥാപനങ്ങൾ സഹായിക്കുമ്പോൾ അതിന്റെ പല മടങ്ങ് പ്രയോജനം പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനു തിരികെ നൽകാൻ കഴിയും. അത്തരത്തിലുള്ള നിയമവിധേയമായ ഒരു ജനാധിപത്യസ്ഥാപനമാണ് സഹകരണസംഘങ്ങൾ.

നൽകാൻ കഴിയും. അത്തരത്തിലുള്ള നിയമവിധേയമായ ഒരു ജനാധിപത്യസ്ഥാപനമാണ് സഹകരണസംഘങ്ങൾ. സഹകരണസംഘം രജിസ്ട്രാറുടെയോ വ്യവസായ-വാണിജ്യ ഡയറക്ടറുടേയോ കൈത്തറി ഡയറക്ടറുടെയോ ഫിഷറീസ് ഡയറക്ടറുടെയോ ക്ഷീരവികസന ഡയറക്ടറുടെയോ അല്ലെങ്കിൽ ഖാദി വ്യവസായബോർഡ് സെക്രട്ടറിയുടെയോ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങൾക്കാണ് പ്രാദേശിക ഭരണകൂടങ്ങൾ സഹായം നൽകേണ്ടത്. ഓരോ തദ്ദേശസ്ഥാപനത്തിന്റെയും പരിധിയിൽ മാത്രം പ്രവർത്തിക്കുന്നവർക്കാണ് സഹായം നൽകാനുള്ള അർഹത. ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്കും മുനിസിപ്പാലിററി, കോർപ്പറേഷൻ എന്നിവയ്ക്കും അവരവരുടെ അധികാരപരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കു സഹായം നൽകാം.

ഇനി പറയുന്ന ഇനങ്ങളിലുള്ള സഹായമാണ് നൽകേണ്ടത്. സംഘത്തിന്റെ ആധുകികവൽക്കരണം, യന്ത്രസാമഗ്രികൾ, തൊഴിൽ ഉപകരണങ്ങൾ എന്നിവ നൽകൽ, വിപണനസൗകര്യം ഏർപ്പെടുത്തൽ, സംരംഭകഗ്രൂപ്പുകൾ രൂപീകരിച്ച് വിപണനശൃംഖല രൂപീകരിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവ്, സേവന ഗുണമേന്മ വർദ്ധനവ്, അടിസ്ഥാന സൗകര്യവികസനം (കെട്ടിടം, വർക്ക്ഷോപ്പുകൾ, തൊഴിലിടങ്ങൾ, ടോയ്‌ലറ്റുകൾ, അനുബന്ധ സൗകര്യങ്ങൾ) എന്നിവയിൽ ഏതാണോ ആവശ്യം അതനുസരിച്ചുള്ള വികസന ഘടകങ്ങൾ തീരുമാനിച്ച് നൽകാൻ കഴിയണം.

ഏതൊക്കെ സംരംഭങ്ങൾക്കു സഹായം നൽകാം എന്നു നോക്കാം.

മൂന്നുവർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങൾക്കു അപേക്ഷ സമർപ്പിക്കാം. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘമായിരിക്കണം. അവസാനവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് നൽകണം. നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ പ്ലാനും എസ്റ്റിമേറ്റും നൽകണം. സംഘത്തിനു പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം. പ്രോജക്ടിന്റെ അടങ്കലിൽ സംഘത്തിനു ചെലവാക്കാവുന്ന വിഹിതം കാണിച്ചുകൊണ്ടുള്ള സംഘം ഭരണസമിതിയുടെ

ജനകീയാസൂത്രണം:
കേരളമാതൃക ഇനി രാജ്യം മുഴുവൻ

രാജ്യത്തെ 2,41,000 തദ്ദേശഭരണസ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുക. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം മുൻ ജോയിന്റ് സെക്രട്ടറിയും മുൻ ചീഫ് സെക്രട്ടറിയുമായ എസ്. എം. വിജയാനന്ദ് മുൻകൈ എടുത്താണ് ജനകീയാസൂത്രണ മാതൃക ദേശീയതലത്തിൽ നടപ്പാക്കുന്നത്. കിലയുടെ സഹായത്തോടെയാണ് ഇതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കിയത്.

രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കേരള മാതൃകയിൽ ജനകീയാസൂത്രണ വികസനപദ്ധതി നടപ്പാക്കാൻ കേന്ദ്രസർക്കാർ നടപടി തുടങ്ങി. എല്ലാവരുടേയും പദ്ധതി എല്ലാവരുടേയും വികസനം(സബ്ക യോജന, സബ്ക വികാസ്) എന്ന പേരിലുള്ള പദ്ധതിയുടെ രൂപീകരണചർച്ച ഗാന്ധിജയന്തി ദിനത്തിൽ തുടങ്ങി. ഡിസംബർ 31 വരെ ചർച്ച തുടരും. 2,41,000 തദ്ദേശഭരണസ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുക. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം മുൻ ജോയിന്റ് സെക്രട്ടറിയും സംസ്ഥാന മുൻ ചീഫ് സെക്രട്ടറിയുമായ എസ്.എം. വിജയാനന്ദ് മുൻകൈ എടുത്താണ് ജനകീയാസൂത്രണ മാതൃക ദേശീയതലത്തിൽ നടപ്പാക്കുന്നത്. കിലയുടെ സഹായത്തോടെയാണ് ഇതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കിയത്. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ വികസനനേട്ടം സംബന്ധിച്ച ഗവേഷണസ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകൾ ലഭിച്ചതോടെയാണ് ജനകീയാസൂത്രണ ക്യാമ്പയിൻ നടത്താനുള്ള കേന്ദ്ര തീരുമാനമുണ്ടായത്.

ഇതര സംസ്ഥാനങ്ങളിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ജനപങ്കാളിത്തമില്ലാതെ തയ്യാറാക്കിയ പദ്ധതികൾ ജനകീയാസൂത്രണ രീതിയിലേക്കു മാറ്റുന്ന നടപടികൾക്കാണ് (പീപ്പിൾസ് പ്ലാൻ ക്യാമ്പയിൻ) തുടക്കമിട്ടത്. വാർഡുതലത്തിൽ സെമിനാറുകൾ നടത്തും. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കു റാങ്കിംഗ് സംവിധാനം ഏർപ്പെടുത്തും. പല സംസ്ഥാനങ്ങളിലും വ്യക്തമായ തദ്ദേശപദ്ധതികളും കൃത്യമായ ഭരണസംവിധാനവുമില്ലെന്നതും വസ്തുതയാണ്.

കേന്ദ്ര ധനകാര്യകമ്മീഷന്റെ രണ്ടുലക്ഷം കോടി രൂപയും തൊഴിലുറപ്പുപദ്ധതിയുടെ രണ്ടുലക്ഷം കോടി രൂപയും സംസ്ഥാന വിഹതവുമടക്കം 2020-ൽ അവസാനിക്കുന്ന കാലയളവിൽ തദ്ദേശസ്ഥാപനങ്ങൾക്കു ലഭിക്കുന്ന നാലരലക്ഷം കോടിയിലേറെ രൂപ ശാസ്ത്രീയമായി ചെലവഴിക്കാൻ ജനകീയാസൂത്രണരീതി സഹായിക്കുമെന്നാണ് കേന്ദ്ര വിലയിരുത്തൽ. പദ്ധതിരേഖ തയ്യാറാക്കുന്ന ഉന്നതതല സംഘത്തിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമണും അംഗമാണ്.

സാക്ഷ്യപത്രം. ധനകാര്യസ്ഥാപനങ്ങളിൽനിന്നു നിർദ്ദിഷ്ട പ്രോജക്ടിനുവേണ്ടി വായ്പ എടുക്കാനുള്ള സന്നദ്ധത അറിയിക്കണം. പ്രോജക്ട് നടപ്പിലാക്കിയാലുണ്ടാകാവുന്ന ഉൽപ്പാദനവർദ്ധനവ്/നേട്ടം എന്നിവ തയ്യാറാക്കി മാർക്കിട്ട് മുൻഗണനാലിസ്റ്റ് ലിസ്റ്റ് തയ്യാറാക്കണം. വിപണനസൗകര്യം വർദ്ധിപ്പിക്കുന്നതിനു മുൻഗണന നൽകണം. തദ്ദേശസ്ഥാപനവുമായി കരാർ വയ്ക്കണം.

ഇപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ച് തെരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങൾക്കു സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി നൽകാവുന്നതാണ് ഏറ്റവും സുതാര്യമായ നടപടിക്രമത്തിലൂടെയാണ് സഹകരണസംഘങ്ങളെ തെരഞ്ഞെടുക്കേണ്ടത്. ഇക്കാര്യങ്ങളെല്ലാം നിർവഹിക്കുന്നതിനു പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ 6.10 ഖണ്ഡികയിൽ വിശദമായി നൽകിയിട്ടുണ്ട്. ഇപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും തോളോടുതോൾ ചേർന്നു പ്രവർത്തിച്ചാൽ രണ്ടു ജനകീയ സ്ഥാപനങ്ങളുടേയും ഉൾക്കാഴ്ച ജനങ്ങളുടേയും നാടിന്റെയും വികസനത്തിനു മുതൽക്കൂട്ടാക്കാൻ കഴിയും.

വി.ജി.ശശിധരൻ

പരിസ്ഥിതി സംരക്ഷണത്തിനു പുതിയ വർക്കിംഗ് ഗ്രൂപ്പ്

സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന മേഖലയ്ക്കു എല്ലാതലത്തിലേയും തദ്ദേശഭരണസ്ഥാപനങ്ങൾ പുതിയ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷനായിരിക്കും. കൺവീനർ സെക്രട്ടറിയും. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിക്കു കീഴിലും ജില്ലാപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതുമരാമത്തു സ്റ്റാൻഡിംഗ് കമ്മിറ്റിക്കു കീഴിലും കോർപ്പറേഷനുകളിൽ നഗരാസൂത്രണ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു കീഴിലുമായിരിക്കും ഈ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്. തദ്ദേശഭരണസ്ഥാപനത്തിലെ ജൈവവൈവിധ്യ പരിപാലന കമ്മിറ്റിയിലേയും ദുരന്തനിവാരണ സമിതിയിലേയും അംഗങ്ങളേയും ഈ മേഖലകളിൽ പ്രവർത്തനവും പ്രാവീണ്യവുമുള്ളവരേയും ഈ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണെന്നു സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.(സ.ഉ.(സാധാ)2462/18 തസ്വഭവ.തീയതി.19.9.18)

ചോദ്യങ്ങൾക്കു മറുപടി

? ഒരു പഞ്ചായത്തിലെ എല്ലാ പൊതു റോഡുകളും പഞ്ചായത്തിൽ നിക്ഷിപ്തമാണോ?

● ദേശീയപാതയോ സംസ്ഥാന പാതയോ മേജർ ജില്ലാ റോഡായോ സർക്കാർ തരം തിരിച്ചിട്ടുള്ള റോഡുകളൊഴികെ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലുള്ള എല്ലാ പൊതുവഴികളും പാലങ്ങളും കലുങ്കുകളും കിടങ്ങുകളും അണകളും അവയ്ക്കു മുകളിലോ വശങ്ങളിലോ ഉള്ള സംരക്ഷണ സംവിധാനങ്ങളും അവയോടു ചേർന്നുകിടക്കുന്ന സ്വകാര്യസ്വത്തല്ലാത്ത ഭൂമിയും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഒന്നിൽ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന മേജർ ജില്ലാറോഡുകളല്ലാത്ത എല്ലാ റോഡുകളും ജില്ലാപഞ്ചായത്തിന്റെ അധീനതയിലും ഒരു ബ്ലോക്ക് പഞ്ചായത്തിലുള്ളതും ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തിനുള്ളിലുള്ള മേജർ ജില്ലാ റോഡല്ലാത്ത റോഡുകൾ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തുള്ള എല്ലാ വില്ലേജ് റോഡുകളും പാതകളും വഴികളും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുമായിരിക്കും. (കേ. പ.രാജ് ആക്ട്.1994 സെക്ഷൻ 169)

? സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ഒരംഗം സ്റ്റാൻഡിംഗ് കമ്മിറ്റിയിൽനിന്നുമാത്രം രാജിവയ്ക്കാൻ എന്തുചെയ്യണം?

● സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ എക്സ് ഒഫീഷ്യോ അംഗമല്ലാത്ത ഒരംഗമോ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാൻ അല്ലാത്ത മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും രാജിവയ്ക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ കേരള പഞ്ചായത്ത് രാജ് സ്റ്റാൻഡിംഗ് കമ്മിറ്റി ചട്ടങ്ങൾ 2000 പ്രകാരം, ചട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള മൂന്നാം നമ്പർ ഫോറത്തിൽ രാജിക്കത്ത് തയ്യാറാക്കി സെക്രട്ടറിക്കു നൽകേണ്ടതാണ്. സെക്രട്ടറിയുടെ മുന്നിൽ വച്ച് രാജിക്കത്തിൽ ഒപ്പു വച്ചുനൽകണം. അപ്രകാരം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ രാജിക്കത്ത് സർക്കാർ സർവീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി രജിസ്ട്രേഡ് തപാലിൽ സെക്രട്ടറിക്കു അയച്ചുകൊടുക്കണം.

രാജിക്കത്ത് സെക്രട്ടറി സ്വീകരിച്ചാൽ ഉടൻ രാജി പ്രാബല്യത്തിൽ വരുന്നതും സെക്രട്ടറി അക്കാര്യം പ്രസിഡന്റിനേയും പഞ്ചായത്തിനേയും തെരഞ്ഞെടുപ്പുകമ്മീഷനേയും വരണാധികരിയേയും അറിയിക്കണം. നോട്ടീസ്ബോർഡിൽ പരസ്യപ്പെടുത്തുകയും വേണം.(കേ.പ.രാജ്.സ്റ്റാൻഡിംഗ് കമ്മിറ്റി ചട്ടങ്ങൾ 2000 സെ.14 കാണുക)

പരിസ്ഥിതി സംരക്ഷണത്തിനു പ്രായോഗിക കർമ്മപരിപാടികൾ

കാലാവസ്ഥാവ്യതിയാനം നേരിടുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ പ്രായോഗിക കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കും. ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകളും സാദ്ധ്യതകളും തിരിച്ചറിഞ്ഞ് പദ്ധതി പ്രവർത്തനങ്ങൾക്കു രൂപം നൽകും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വരുംവർഷങ്ങളിലെ പ്രോജക്ടുകളിൽ ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നിവയ്ക്കു മുൻഗണനയുണ്ടാകും. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജൈവവൈവിധ്യമാനേജ്മെന്റ് കമ്മിറ്റി കൺവീനർ, വർക്കിംഗ് ഗ്രൂപ്പ് മെമ്പർമാർ എന്നിവർക്കു കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലയിലെ ഏഴുബ്ലോക്കുകളിൽ പെട്ട ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

കില റിസോഴ്സ് പേഴ്സൺ വി.വി.സുധാകരൻ ആമുഖപ്രഭാഷണം നടത്തി. കാലാവസ്ഥാവ്യതിയാനം, പ്രാദേശി കാലാവസ്ഥ കർമ്മപദ്ധതി രൂപീകരണം, ദുരന്തനിവാരണ കൈകാര്യ കർമ്മപദ്ധതി, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ. സോണി പീറ്റർ, ബിനീഷ് ജോബ്, എസ്.കുമാരൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? വയോജനങ്ങൾക്കു കട്ടിൽ എന്ന പദ്ധതിയിൽ എത്ര തുകയുടെ കട്ടിൽ നൽകാം? മരത്തടിയിൽ തീർത്ത കട്ടിൽ തന്നെ നിർബന്ധമാണോ? വരുമാനപരിധി എത്രയാണ്? വില്ലേജിൽനിന്നുള്ള വരുമാന സാക്ഷ്യപത്രം നിർബന്ധമാണോ?

● അറുപതുവയസ്സു കഴിഞ്ഞ വയോജനങ്ങൾക്കു കട്ടിൽ നൽകാം.4350/രൂപയിൽ കൂടാത്ത വിലയുള്ള കട്ടിലാണ് നൽകേണ്ടത്. കട്ടിലിന്റെ സ്പെസിഫിക്കേഷൻ സബ്സിഡി മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. മരത്തടിയിലോ സ്റ്റീലിലോ പണിത കട്ടിൽ നൽകാം. കുടുംബവാർഷികവരുമാന പരിധി ജനറൽ വിഭാഗത്തിനു രണ്ടുലക്ഷം രൂപയും പട്ടികജാതിക്കാർക്കു മൂന്നുലക്ഷം രൂപയുമാണ്. പട്ടികവർഗ്ഗവിഭാഗത്തിനു വരുമാനപരിധി ബാധകമല്ല. വരുമാന സാക്ഷ്യപത്രം വില്ലേജ് ഓഫീസറിൽനിന്ന് വാങ്ങണമെന്നു നിർബന്ധമില്ല. മറ്റേതെങ്കിലും ആവശ്യത്തിനു വാങ്ങിയ റവന്യു അധികാരികളിൽനിന്നുള്ള വരുമാന സാക്ഷ്യപത്രമോ റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലോ നിർവഹണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ വരുമാനം കണക്കാക്കാം. (സബ്സിഡി മാനദണ്ഡം സ.ഉ. 22/2018 തസ്വഭവ. തീയതി.14.2.2018 ഖണ്ഡിക 7.1.13 (2) ഖണ്ഡിക 2.14 എന്നിവ കാണുക.

? വിദ്യാർത്ഥികൾക്കു പഠനമുറി നൽകാം എന്ന പദ്ധതിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കു മാത്രമല്ലേ നൽകാൻ അനുവാദമുള്ളൂ?

● അല്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടതും കേരളത്തിലെ പൊതു വിദ്യാഭ്യാസവകുപ്പും ഉന്നത വിദ്യാഭ്യാസവകുപ്പും അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും മാനദണ്ഡ പ്രകാരം ആവശ്യമെങ്കിൽ പഠനമുറി നിർമ്മിച്ചു നൽകാം. ഒരു കുടുംബത്തിൽ ഒരു മുറിയേ നൽകാൻ പാടുള്ളൂ. 120 ചതുരശ്ര അടി വലിപ്പത്തിലുള്ള മുറിയാണ് പരമാവധി രണ്ടുലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച് നൽകേണ്ടത്. നിലവിൽ 800 ചതുരശ്ര അടിയിൽ കൂടുതൽ വലിപ്പം ഇല്ലാത്ത വീടുകളോടു ചേർന്നാണ് പഠനമുറി നൽകേണ്ടത്. (സബ്സിഡി മാനദണ്ഡം.സ.ഉ (കൈ)22/208 തസ്വഭവ.14.2.2018 ഖ.7.2.17)

? തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൈമാറി കിട്ടിയ ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ(കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടകകൾ, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ ചാർജ്, ഇന്റർനെറ്റ് ചാർജ് കൺസ്യൂമർബിൾസ് എന്നിവയുടെ ചെലവുകൾ) ഏതെല്ലാം ഫണ്ടിൽനിന്ന് ചെലവഴിക്കാം?

● തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ തനതു ഫണ്ടിൽനിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നോ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നോ ഉപയോഗിക്കാവുന്നതാണ്. (സർക്കുലർ നമ്പർ ഡി.എ1/1032/2017 തസ്വഭവ. തീയതി 6.1.2018)

കിലയിൽ സംഘടിപ്പിച്ച വിദഗ്ദ്ധരുടെ സംസ്ഥാനതല ശില്പശാലയിൽ പ്രൊഫ.പി.കെ.രവീന്ദ്രൻ സംസാരിക്കുന്നു

പുനർനിർമ്മാണത്തിനു തദ്ദേശതലത്തിൽ വിദഗ്ദ്ധരുടെ സേവനം അനിവാര്യം

കേരളത്തിന്റെ പുനർനിർമ്മാണത്തിനു തദ്ദേശഭരണസ്ഥാപനതലത്തിൽ വിദഗ്ദ്ധരുടെ സേവനം അനിവാര്യമാണെന്നു ജനകീയാസൂത്രണവിദഗ്ദ്ധൻ പ്രൊഫ. പി.കെ. രവീന്ദ്രൻ അഭിപ്രായപ്പെട്ടു. സംസ്ഥാനത്തിന്റെ വികസനത്തിനു സേവനം ചെയ്യാൻ താൽപര്യമുള്ള വിദഗ്ദ്ധരുടെ സംസ്ഥാനതല ഏകദിന ശില്പശാലയിൽ അധികാരവികേന്ദ്രീകരണവും സാങ്കേതികവിദഗ്ദ്ധരും എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദഗ്ദ്ധരുടെ സേവനത്തിനു ജനകീയാസൂത്രണത്തിന്റെ കാലത്തുതന്നെ സംവിധാനമൊരുക്കിയിരുന്നുവെങ്കിലും അവയെല്ലാം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ തദ്ദേശഭരണസ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നതു വസ്തുതയാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണപ്രവർത്തനങ്ങളിലും നിർവഹണത്തിലും ഇടപെടാനും തിരുത്തൽ നിർദ്ദേശിക്കാനും സാങ്കേതിക വിദഗ്ദ്ധർക്കു കഴിയണം. സാങ്കേതിക സേവനം പ്രാദേശികവികസനത്തിന്റെ കേന്ദ്രബിന്ദുവാകണം. താഴെ തട്ടിലുള്ള പദ്ധതി പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. ഇവിടെയാണ് തിരിച്ചറിവു വേണ്ടത്. സാങ്കേതിക തികവ് ഉറപ്പുവരുത്തുകയാണ് സാങ്കേതികവിദഗ്ദ്ധരുടെ ചുമതല.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി.രാജൻ, സ്റ്റേറ്റ് റിസോഴ്സ്ഗ്രൂപ്പ് അംഗം എസ്.ജമാൽ എന്നിവർ സംസാരിച്ചു. ജില്ലാ കോർഡിനേറ്റർമാർക്കു പുറമെ വിവിധ ജില്ലകളിൽനിന്നുള്ള വിദഗ്ദ്ധരുൾപ്പെടെ 250 പേർ ശില്പശാലയിൽ പങ്കെടുത്തു.

തൊഴിലുറപ്പുപദ്ധതി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനം

കേരളത്തിന്റെ പുന:സൃഷ്ടിയിൽ തൊഴിലുറപ്പുപദ്ധതിയുടെ പ്രസക്തി

പ്രളയത്തിനുശേഷമുള്ള കേരളത്തിന്റെ പുന:സൃഷ്ടിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ മെമ്പർ എസ്. രാജേന്ദ്രൻ, റിട്ട.ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷ്ണർ സജിത്, മിഷൻ പ്രോഗ്രാം ഓഫീസർ ബാലചന്ദ്രൻ നായർ, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനിയർ പുഷ്പലത, കോഴ്സ് കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. എറണാകുളം, ഇടുക്കി ജില്ലകളിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നുള്ള 120 എഞ്ചിനിയർമാരും ഓവർസിയർമാരും പരിശീലനത്തിൽ പങ്കെടുത്തു.

മാലിന്യനിർമ്മാർജനത്തിനായുള്ള സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കി നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കുമുള്ള മൂന്നു ദിവസത്തെ സംസ്ഥാനതല പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

മാലിന്യസംസ്കരണം: നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം

മാലിന്യനിർമ്മാർജനത്തിനായുള്ള സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കി നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കുമുള്ള മൂന്നു ദിവസത്തെ സംസ്ഥാനതല പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കില പ്രൊഫ. ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ ടി.എസ്. സെയ്ഫുദ്ദീൻ എന്നിവർ സംസാരിച്ചു.

മാലിന്യസംസ്കരണത്തിന്റെ സാങ്കേതികവിദ്യകൾ, നഗരശുചിത്വത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടേ ചുമതലകൾ, സിറ്റി സാനിറ്റേഷന്റെ പ്രാധാന്യം, സ്വച്ഛ്ഭാരത് മിഷൻ, ഹരിതകേരളം മിഷൻ, സബ്സിഡി മാനദണ്ഡങ്ങൾ, നഗരശുചിത്വവും മുനിസിപ്പാലിററി നിയമവും, മാതൃകാ മാലിന്യനിർമ്മാണയൂണിറ്റുകൾ, ദ്രവ മാലിന്യനിർമ്മാർജനത്തിൽ ആലപ്പുഴ കനാൽ മോഡൽ, മാലിന്യപരിപാലനം-ശൈലീമാറ്റത്തിനുള്ള നേതൃപാടവം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഏഴു നഗരസഭകളിൽനിന്നുള്ള ചെയർമാൻമാർ, സെക്രട്ടറിമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, എഞ്ചിനിയർ/ഓവർസിയർ, ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

പാലക്കാട് ഐ.ആർ.ടി.സി.യിലെ ഡോ.വി.ആർ. രഘുനന്ദനൻ, ഡോ.സണ്ണിജോർജ്, ദേവിക നായർ, ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൽട്ടന്റ് ഇന്ദു ഐസക്, എൻ. ധനിക്, ജയഗോപാൽ റാവു, ബാബുജോസഫ് എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നൈപുണ്യം വർദ്ധിപ്പിക്കാനുള്ള മാനേജമെന്റ് ഡെവലപ്മെന്റ് പരിശീലനത്തിന്റെ ഭാഗമായ പരിശീലക പരിശീലനപരിപാടിയിൽ ഡോ.ജിബിനി വി.കുര്യൻ സംസാരിക്കുന്നു

മാനേജ്മെന്റ് ഡെവലപ്മെന്റിൽ പരിശീലകപരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നൈപുണ്യം വർദ്ധിപ്പിക്കാനുള്ള മാനേജമെന്റ് ഡെവലപ്മെന്റ് പരിശീലനത്തിന്റെ ഭാഗമായ പരിശീലക പരിശീലനം കൊട്ടാരക്കരയിലെ കില മാനവവിഭശേഷി കേന്ദ്രത്തിൽ സംഘടിപ്പിച്ചു. ഒക്ടോബർ 4-6,8-10 തീയതികളിലായി സംഘടിപ്പിച്ച ദ്വിദിന പരിശീലനത്തിൽ വിവിധ ജില്ലകളിൽനിന്നുള്ള 150 പേർ പങ്കെടുത്തു. സംസ്ഥാനത്തെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ മുഴുവൻ ജനപ്രതിനിധികൾക്കും ഇവരായിരിക്കും ഇനി തടർ പരിശീലനം നൽകുക. നേതൃത്വവികസനം, ഫലപ്രദമായ ആശയവിനിമയം, ടീം വർക്ക്, സമയത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. വിനോദ് ശ്രീധർ, എം.സി. രാജിലൻ, ടോംസ് ആന്റണി, സഹറുദ്ദീൻ, പ്രിൻസ് വർഗീസ്, സി.കെ.പ്രദീപ്, രാജേഷ് എന്നിവർ ക്ലാസ്സെടുത്തു. ഡോ.ഉമ്മൻ ജോൺ, ഡോ.ജിബിനി വി. കുര്യൻ, വിനോദ് കുമാർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**